## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T.3236** 29.01.2014- ലെ മറുപടിക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ഗീതാ ഗോപി:** | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** |
| (എ) 2012-13-ൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച വാർഷിക പദ്ധതി രേഖയിൽ എത്ര കോടി രൂപയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവച്ചതെന്ന് അറിയുമോ; | (എ) 2012-13-ൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന് 1374.38 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 325.05 കോടി രൂപയും വകയിരുത്തി. |
| (ബി) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയതെന്ന് അറിയുമോ; | (ബി) 2012-13 വർഷത്തെ ബജറ്റിൽ പട്ടികജാതി വിഭാഗത്തിന് 1289.21 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 312.41 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (സി) ആസൂത്രണ ബോർഡ് അംഗീകരിച്ച തുകയിൽ വെട്ടിക്കുറവു വരുത്തി, സംസ്ഥാന ബഡ്ജറ്റ് അംഗീകരിച്ചതിന്റെ ഫലമായി പട്ടികജാതി വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ട ജനസംഖ്യാനുപാതിക വിഹിതം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) ആസൂത്രണ ബോർഡ് പദ്ധതി രേഖയിൽ അംഗീകരിച്ച തുക അതേപടി ബജറ്റിൽ അനുവദിക്കണമെന്നില്ല. ബജറ്റ് തയ്യാറാക്കുന്നത് വാർഷിക പദ്ധതി രേഖ മാത്രം അടിസ്ഥാനമാക്കിയുമല്ല. എന്നാൽ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് പ്ലാനിംഗ് ബോർഡ് നീക്കിയിരുത്തിയ തുകയും സംസ്ഥാന ബജറ്റ് പ്രകാരം അനുവദിച്ച തുകയും തുല്യമാണ്. ജനസംഖ്യാനുപാതികമായി വിഹിതം അനുവദിക്കുന്നകാര്യം ധനവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.